കണ്ടയിൻമെന്റ് സോണായി പ്രഖ്യാപിച്ചിരിക്കുന്ന ചൂർണിക്കര പഞ്ചായത്തിലെ രണ്ടാം വാർഡിൽ നിർമ്മല സ്കൂളിനു സമീപം സോണിലേക്ക് പ്രവേശിക്കുന്നത് തടഞ്ഞ് അടച്ചുകെട്ടിയിരുന്നത് അഴിച്ചു മാറ്റി യാത്ര ചെയ്ത കാർ യാത്രക്കരനെ ആലുവ ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു. കുന്നത്തേരി തായിക്കാട്ടുകര പനയപ്പിള്ളി വീട്ടിൽ ഉബൈദ് (40) എന്നയാളെയാണ് അറസ്റ്റ് ചെയ്തത്. ഇയാൾക്കെതിരെ കേരള എപ്പിഡെമിക് ഡിസീസ് ഓർഡിനൻസ് 2020, ദുരന്തനിവാരണ നിയമം എന്നിവ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സഞ്ചരിച്ചിരുന്ന കാർ പോലീസ് ബന്തവസ്സിലെടുത്തു.